പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *385** — **19.03.2018-ൽ മറുപടിയ്ക്ക്**

**സംസ്ഥാന റോഡ് മെച്ചപ്പെടുത്തൽ പദ്ധതി**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.ഡി. പ്രസേനൻ<br>,, .ഇ.പി.ജയരാജൻ<br>,, .എ.എം. ആരിഫ്<br>,, .ഒ. ആർ. കേളു | ശ്രീ.ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്തെ റോഡുകളുടെ സമഗ്രവികസനത്തിനായി സംസ്ഥാന റോഡ് മെച്ചപ്പെടുത്തൽ പദ്ധതി (എസ്.ആർ.ഐ.പി.) നടപ്പിലാക്കിയിട്ടുണ്ടോ; | (എ) പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. |
| (ബി) പ്രസ്തുത പദ്ധതിയിൽ എന്തെല്ലാം പ്രവൃത്തികളാണ് ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വിശദമാക്കാമോ; | (ബി) റോഡ് ഇൻഫ്രാസ്ട്രക്ച്ചർ കമ്പനി കേരള ലിമിറ്റഡ് (RICK Ltd) - ൽ എസ്.ആർ.ഐ.പി പദ്ധതിയിൽ ഉൾപ്പെടുന്ന റോഡുകൾ റീഹാവിലിറ്റേഷൻ, അപ്ഗ്രഡേഷൻ എന്നീ രണ്ട് പാക്കേജുകളിലായാണ് വികസിപ്പിക്കുന്നത്. ഭൂമി ഏറ്റെടുക്കൽ കൂടാതെ നവീകരിക്കാവുന്ന ഏകദേശം 469 കി.മീ. ദൈർഘ്യം വരുന്ന റോഡുകൾ റീഹാബിലിറ്റേഷൻ പാക്കേജിലും, ലഘുവായ തോതിൽ സ്ഥലമെറ്റെടുക്കൽ ആവശ്യമായ ഏകദേശം 621 കി.മീ. ദൈർഘ്യം വരുന്ന റോഡുകൾ അപ്ഗ്രഡേഷൻ പാക്കേജിലുമാണ് നടപ്പിലാക്കി വരുന്നത്. |

2

ഇവയിൽ റീഹാബിലിറ്റേഷൻ പാക്കേജ് പാക്കേജ് - എ എന്ന പേരിൽ രണ്ട് റോഡുകൾ നിർമ്മാണം പൂർത്തീകരിക്കുകയും നിലവിൽ ഈ റോഡുകൾ പരിപാലനകാലാവധിയിലുമാണ്. പാക്കേജ് എ- യുടെ കീഴിൽ വരുന്ന പ്രവൃത്തികൾ താഴെപ്പറയുന്നു.

1. വിദ്യാനഗർ - സീതാംഗോളി റോഡ് - 9.40 കി.മീ. കാസർഗോഡ് ജില്ല.

2. ഉപ്പള – കനിയാന റോഡ് - 15.6 കി.മീ. കാസർഗോഡ് ജില്ല.

റീഹാബിലിറ്റേഷൻ പാക്കേജിൽ വരുന്ന പാക്കേജ് ബി - യുടെ പ്രവൃത്തികൾ 80% നിർമ്മാണ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. 2018 ആഗസ്റ്റിൽ പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിക്കുന്നതാണ്.

പാക്കേജ് - ബി- യുടെ കീഴിൽ വരുന്ന പ്രവൃത്തികൾ താഴെ പ്പറയുന്നു.

1. വെള്ളനാട് - ചെറ്റച്ചൽ റോഡ് - 21.90 കി.മീ തിരുവനന്തപുരം ജില്ല.

2. കാഞ്ഞിരപ്പള്ളി കാഞ്ഞിരംകവല റോഡ് - 36.10 കി.മീ. - കോട്ടയം ജില്ല.

**(സി)** പ്രസ്തുത റോഡ് വികസന പ്രവർത്തനങ്ങൾ ഫലപ്രദമായി നടപ്പിലാക്കുന്നതിനായി റോഡ് ഇൻഫ്രാസ്ട്രക്ച്ചർ കമ്പനി കേരളാ ലിമിറ്റഡ് എന്ന പേരിൽ പ്രത്യേക കമ്പനി രൂപീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകമോ;

**(സി)** രൂപീകരിച്ചിട്ടുണ്ട്.

''സംസ്ഥാന റോഡ് വികസന പദ്ധതി'' (SRIP) യുടെ നിർവ്വഹണത്തിനായുള്ള പ്രത്യേക ദൗത്യസ്ഥാപനം (SPV) ആയി റോഡ് ഇൻഫ്രാസ്ട്രക്ച്ചർ കമ്പനി കേരള ലിമിറ്റഡ് (RICK Ltd) 2012 മാർച്ച് 19 ന് പൊതുമേഖലയിൽ രൂപീകരിച്ചിട്ടുണ്ട്.

റോഡ് ഇൻഫ്രാസ്ട്രക്ച്ചർ കമ്പനി കേരള ലിമിറ്റഡ് (RICK Ltd) ഒരു പൈലറ്റ് പ്രോജക്റ്റ് എന്ന നിലയിൽ ഏറ്റെടുത്തിട്ടുള്ള പുനരുദ്ധാരണ

പാക്കേജിനു കീഴിൽ നാലു റോഡുകളുടെ വികസന പ്രവർത്തനങ്ങൾക്ക് സർക്കാർ ഭരണാനുമതി നൽകുകയും റീഹാബിലിറ്റേഷൻ പാക്കേജിനു കീഴിൽ പാക്കേജ് -എ, പാക്കേജ്- ബി എന്നീ രണ്ട് പദ്ധതികൾ നടപ്പിലാക്കി വരുന്നു. പാക്കേജ് എ – യുടെ രണ്ട് റോഡുകളായ ഉപ്പള – കനിയാന റോഡും വിദ്യാനഗർ - സീതാംഗോളി റോഡും പണി പൂർത്തിയായിട്ടുണ്ട്. പാക്കേജ് - ബി- യുടെ കീഴിൽ വരുന്ന രണ്ട് റോഡുകളായ വെള്ളനാട് - ചെറ്റച്ചൽ റോഡും, കാഞ്ഞിരപ്പള്ളി കാഞ്ഞിരംകവല റോഡിന്റെയും പണി 2018 ആഗസ്റ്റിൽ പൂർത്തിയാകുന്നതാണ്.

**(ഡി)** കമ്പനിയുടെ 2017-18 ലെ പ്രധാന പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

**(ഡി)** എസ്.ആർ.ഐ.പി പാക്കേജ് - എ പ്രകാരം താഴെപ്പറയുന്ന രണ്ട് റോഡുകളുടെ പണി പൂർത്തിയായിട്ടുണ്ട്.

1. വിദ്യാനഗർ - സീതാംഗോളി റോഡ് - 9.40 കി.മീ. -കാസർഗോഡ് ജില്ല.

2. ഉപ്പള – കനിയാന റോഡ് - 15.6. കി.മീ -കാസർഗോഡ് ജില്ല.

എസ്.ആർ.ഐ.പി പാക്കേജ് - ബി പ്രകാരം താഴെപ്പറയുന്ന രണ്ട് റോഡുകളുടെ പണി നടന്നു വരുന്നു.

1. വെള്ളനാട് - ചെറ്റച്ചൽ റോഡ് - 21.90 കി.മീ. -തിരുവനന്തപുരം ജില്ല.

2. കാഞ്ഞിരപ്പള്ളി കാഞ്ഞിരംകവല റോഡ് - 36.10 കി.മീ. -കോട്ടയം ജില്ല.

എസ്.ആർ.ഐ.പി പദ്ധതിയുടെ കീഴിൽ വരുന്ന മറ്റ് റോഡുകൾ താഴെപ്പറയുന്നു.

1. കരമന വെള്ളറട റോഡ് -തിരുവനന്തപുരം ജില്ല.

റോഡ് വികസനത്തിനായി നിലവിൽ ഉണ്ടായിരുന്ന ഡിറ്റൈൽഡ് പ്രോജെക്ട് റിപ്പോർട്ട് (DPR) ആവശ്യമായ മാറ്റങ്ങൾ വരുത്തി റീവാലിഡേറ്റ് ചെയ്യുന്ന പ്രവൃത്തി പൊതുമരാമത്ത് വകുപ്പിന്റെ PPU (പ്രോജെക്ട് യൂണിറ്റ്) വിഭാഗത്തിൽ പുരോഗമിച്ച് വരുന്നു. ആദ്യത്തെ 10 കി.മീറ്ററിലുള്ള അലൈൻമെന്റ് പ്ലാനും റീക്വിസിഷൻ ഫോമും 23.02.2018 ന് തിരുവനന്തപുരം ജില്ലാ കളക്ടർക്ക് നൽകിയിട്ടുണ്ട്.

2 . ആലപ്പുഴ — തണ്ണീർമുക്കം - മധുര റോഡ് (23.60 കി.മീ) - ആലപ്പുഴ ജില്ല.

3 . വൈപ്പിൻ - മുനമ്പം റോഡ് (25.50 കി.മീ) - എറണാകുളം ജില്ല.

മേൽപ്പറഞ്ഞ രണ്ട് റോഡ് പ്രവൃത്തികൾ ബഹു.ധന വകുപ്പുമന്ത്രിയുടെ 2017-2018 ബഡ്ജറ്റിൽ റോഡിന്റെ വികസന പ്രവൃത്തനങ്ങൾക്ക് വേണ്ടിയുള്ള ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾക്ക് 10.11.2017 ലെ സർക്കാർ ഉത്തരവ് (സാധാ) 1675/2017/പൊ.മ.വ. പ്രകാരം അനുമതി നൽകുകയുണ്ടായി.

4. പള്ളിക്കൂട്ടുമ്മ — പുളിങ്കുന്ന്- കണ്ണാടി - തട്ടാശ്ശേരി- തുരുത്തി റോഡ്(31.87 കി.മീ) - ആലപ്പുഴ ജില്ല.

ബഹു.ധനവകുപ്പ മന്ത്രിയുടെ 2017-2018 ബഡ്ജറ്റ് പ്രഖ്യാപിച്ച നെടുങ്ങാനപ്പള്ളി പുല്ലാട് റോഡിന്റെ വികസന പ്രവൃത്തികൾ ഇതിനകം തന്നെ (CRF) കേന്ദ്ര റോഡ് ഫണ്ട് ഉപയോഗിച്ച് ആരംഭിച്ചു കഴിഞ്ഞതിനാൽ അതിനു പകരമായി പള്ളിക്കൂട്ടുമ്മ - പളിങ്കുന്ന് കണ്ണാടി - തട്ടാശ്ശേരി - തുരുത്തി റോഡിന്റെ വികസന പ്രവൃത്തികൾ ഏറ്റെടുക്കുന്നത് RICK പരിശോധിച്ചു വരികയാണ്.

ഇതു കൂടാതെ കിഫ്ബി വഴി നടപ്പിലാക്കുന്ന റോഡ് പ്രവൃത്തികൾ താഴെപ്പറയുന്നു.

1 . കോഴിക്കോട്- ബാലുശ്ശേരി റോഡ് (20.32 കി.മീ) - കോഴിക്കോട് ജില്ല.

2 . ഈരാറ്റുപേട്ട – വാഗമൺ റോഡ് (23.80 കി.മീ) - കോട്ടയം ജില്ല.

3 . തിരുവല്ല – മല്ലപ്പള്ളി റാഡ്(20.40 കി.മീ) - പത്തനംതിട്ട ജില്ല.

മേൽപ്പറഞ്ഞ മൂന്ന് റോഡുകളുടെ കിഫ്ബി ധനസഹായത്തോടെയുള്ള വികസന പ്രവർത്തനങ്ങൾക്ക് റിക്ക് ലിമിറ്റഡിനെ പ്രത്യേക ദൗത്യ സ്ഥാപനമായി (SPV) നിയോഗിച്ചുകൊണ്ട് 11.12.2016 ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 1687/2016/പൊ.മ.വ. പ്രകാരം ഉത്തരവായിട്ടുള്ളതാണ്.

4 . മുഹമ്മ – തണ്ണീർമുക്കം- കായൽത്തീര റോഡ് (11.കി.മീ) - ആലപ്പുഴ ജില്ല.

5. വൈക്കം ടോൾ - ചെമ്മനകരി റോഡ് (6 കി.മീ) - കോട്ടയം ജില്ല.

മേൽപ്പറഞ്ഞ രണ്ട് റോഡ് വികസന പ്രവൃത്തികൾ കിഫ്ബി ധനസഹായത്തോടെ നിർവഹിക്കുന്നതിന് റിക്ക് ലിമിറ്റഡിനെ (SPV) ആയി നിയോഗിച്ച് കൊണ്ട് 15.08.2017 ലെ സർക്കാർ ഉത്തവ് നമ്പർ 1167/2017/പൊ.മ.വ. പ്രകാരം സർക്കാർ ഉത്തരവായിട്ടുള്ളതാണ്.

6. കായംകുളം ടൗൺ റോഡ് വികസനവും മേൽപ്പല നിർമ്മാണവും .

കായംകുളം പട്ടണത്തിൽ ഇപ്പോൾ അനുഭവിച്ചുകൊണ്ടിരിക്കുന്ന ഗതാഗത തടസ്സം ഒഴിവാക്കുന്നതിനും സുഗമവും സുരക്ഷിതവുമായ

സഞ്ചാര സൗകര്യം ക്രമപ്പെടുത്തുന്നതിന് പൊതുവായ ഒരു ധാരണ ഉണ്ടാക്കി സാഹചര്യത്തിൽ സാങ്കേതികമായിട്ടുള്ള ഒരു പഠനത്തിന് ഇൻവെസ്റ്റിഗേഷൻ നടത്തുവാൻ തീരുമാനിച്ചു. 15.63 ലക്ഷം രൂപയുടെ ഇൻവെസ്റ്റിഗേഷൻ എസ്റ്റിമെറ്റിന്റെ ദർഘാസ് ക്ഷണിക്കുകയും കരാറുകാരനുമായിട്ടുള്ള എഗ്രിമെന്റ് വയ്ക്കുന്ന നടപടികൾ അവസാനഘട്ടത്തിലാണ്.

സെക്ഷൻ ഓഫീസർ